ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE:22.07.2026

1. നീറ്റ് ചോദ്യപേപ്പർ ചോർച്ച ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. ഇരുസഭകളും രണ്ട് മണി വരെ നിർത്തിവെച്ചു.\
2. സംസ്ഥാനത്ത് റാഗിങ് വിരുദ്ധ നിയമം നടപ്പാക്കാൻ മന്ത്രിസഭായോഗ തീരുമാനം. വിദ്യാർത്ഥികൾക്ക് മൊബൈൽ ആപ്പിലൂടെ പരാതി സമർപ്പിക്കാമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
3. ഓണക്കാല പൊതുവിപണിയിലെ ക്രമക്കേടുകൾ തടയാൻ കർശന പരിശോധന നടത്തുമെന്ന് മന്ത്രി അനൂപ് ജേക്കബ്.
4. ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കുചേരാൻ -സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾ. തൂഫാൻ വാരിയേഴ്സായി SPC-യെ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഇന്ന് പ്രഖ്യാപിക്കും.
5. തദ്ദേശീയ യുദ്ധക്കപ്പലായ 'ഐഎൻഎസ് മാൽവൻ' ഇന്ത്യൻ നാവികസേനയുടെ ഭാഗമായി.

RNU TVPM

6. കോമൺവെൽത്ത് ഗെയിംസിന് നാളെ സ്കോട്ലണ്ടിലെ ഗ്ലാസ്ഗോയിൽ തുടക്കമാകും.

## പാർലമെൻറ്

നീറ്റ് ചോദ്യപേപ്പർ ചോർച്ച ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം.ഇരുസഭകളും രണ്ട് മണിവരെ നിർത്തിവെച്ചു. ലോക്സഭയിൽ ചോദ്യോത്തര വേള ആരംഭിക്കാൻ സ്പീക്കർ ഓം ബിർള ശ്രമിച്ചെങ്കിലും ചോദ്യപ്പേർ ചോർച്ച ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷ അംഗങ്ങൾ ബഹളം വെക്കുകയായിരുന്നു. തുടർന്ന് 12 മണി വരെയും പിന്നീട് രണ്ട് മണി വരേയും സഭ നിർത്തിവെച്ചു. സിക്കിം അപകടത്തിൽ മരിച്ചവർക്ക് രാജ്യസഭ ആദരാഞ്ജലികൾ അർപ്പിച്ചു. നീറ്റ് വിഷയത്തിലെ പ്രതിഷേധത്തെ തുടർന്ന് രാജ്യസഭയും രണ്ട് മണി വരെ നിർത്തി വെച്ചിരിക്കുകയാണ്.

RIJU TVPM

## നീറ്റ്-ജിതേന്ദ്ര സിംഗ്

നീറ്റ് ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പാർലമെന്റിൽ ചർച്ചയ്ക്ക് തയ്യാറാണെന്ന് കേന്ദ്ര സർക്കാർ. ലോക്സഭാ പ്രതിപക്ഷ നേതാവ് മുന്നോട്ടുവെച്ച ആവശ്യം സർക്കാർ അംഗീകരിച്ചതാണെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് വ്യക്തമാക്കി. നീറ്റ് സംബന്ധമായ വിഷയങ്ങളിൽ ചർച്ച

നടത്തണമെന്ന ആവശ്യത്തിൽ സർക്കാർ ഉറപ്പ് നൽകിയിട്ടും ശ്രീ രാഹുൽ ഗാന്ധി നിലപാട് മാറ്റിയത് തികച്ചും നിർഭാഗ്യകരമാണെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**ഡൽഹി-മെട്രോ**

സുരക്ഷാ കാരണങ്ങളാൽ ഡൽഹി മെട്രോയുടെ ജൻപഥ്, രാജീവ് ചൗക്ക്, പട്ടേൽ ചൗക്ക്, സെൻട്രൽ സെക്രട്ടേറിയറ്റ് മെട്രോ സ്റ്റേഷനുകൾ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ അടച്ചിട്ടതായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ. അതേസമയം, രാജീവ് ചൗക്ക്, സെൻട്രൽ സെക്രട്ടേറിയറ്റ് എന്നീ സ്റ്റേഷനുകളിൽ മറ്റ് ലൈനുകളിലേക്ക് മാറിക്കയറാനുള്ള ഇന്റർചേഞ്ച് സൗകര്യം ലഭ്യമാണെന്ന് ഡി.എം.ആർ.സി സമൂഹമാധ്യമത്തിൽ അറിയിച്ചു.

RIU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ബ്രിക്സ്**

ബ്രിക്സ് രാജ്യങ്ങളിലെ ആരോഗ്യ മന്ത്രിമാരുടെ മൂന്ന് ദിവസത്തെ ഉച്ചകോടിക്ക് ഇന്ന് ചണ്ഡീഗഡിൽ തുടക്കമാകും. ആരോഗ്യ സുരക്ഷ, ഡിജിറ്റൽ ഹെൽത്ത്, പകർച്ചവ്യാധി പ്രതിരോധം, തുടങ്ങിയ വിഷയങ്ങളിൽ പരസ്പര സഹകരണം ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

പതിനാറാമത് ബ്രിക്സ് ആരോഗ്യ മന്ത്രിമാരുടെ യോഗത്തിന് നാളെ കേന്ദ്രമന്ത്രി ജെ.പി. നഡ്ഡ നേതൃത്വം നൽകും.

❁❁❁❁❁❁❁❁❁❁❁❁❁

**മുഖ്യമന്ത്രി(ഇൻട്രോ)**

സംസ്ഥാനത്ത് റാഗിങ് വിരുദ്ധ നിയമം നടപ്പാക്കാൻ മന്ത്രിസഭായോഗ തീരുമാനം. ഇതുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിന് സിദ്ധാർഥ് സ്റ്റുഡൻറ് ഡിസ്ട്രസ് ആപ്പ് രൂപീകരിക്കുമെന്ന് തിരുവനന്തപുരത്ത് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു. കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഓണക്കാലത്ത് ക്യാമ്പയ്ൻ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

***(ഹോൾഡ് വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ആഭ്യന്തരമന്ത്രി-എസ്.പി.സി**

കേരളത്തിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയിലേക്ക് പുതുതായി ഉൾപ്പെടുത്തുന്ന യൂണിറ്റുകളുടെ പ്രഖ്യാപനം ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഇന്ന് നിർവ്വഹിക്കും. ചടങ്ങിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റുകളെ തൂഫാൻ വാരിയേഴ്സായും പോൽ-ബ്ലഡ് അംബാസഡേഴ്സായും

RNU TVPM

സൈബർ വാരിയേഴ്സായും അദ്ദേഹം പ്രഖ്യാപിക്കും. സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾക്കായി ഐഎംഎ സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന "ഐ ക്യാൻ" പരിശീലന പദ്ധതിയുടെ ഉദ്ഘാടനവും ശ്രീ രമേശ് ചെന്നിത്തല നിർവ്വഹിക്കും.

## അനൂപ് ജേക്കബ്

സംസ്ഥാനത്ത് ഓണക്കാല പൊതുവിപണിയിലെ ക്രമക്കേടുകൾ തടയാൻ കർശന പരിശോധന നടത്തുമെന്ന് മന്ത്രി അനൂപ് ജേക്കബ്. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ പൊതുകേന്ദ്രങ്ങൾ, മാർക്കറ്റുകൾ, എൽപിജി ഗോഡൗണുകൾ തുടങ്ങിയ ഇടങ്ങളിൽ പരിശോധന നടത്താൻ പ്രത്യേക സ്ക്വാഡുകളെ നിയോഗിക്കും. ജില്ലാ കലക്ടർമാരുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് അടുത്തമാസം ഒന്നു മുതൽ നിരീക്ഷണം തുടങ്ങും. ക്രമക്കേടുകൾ കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കാനും മന്ത്രി നിർദ്ദേശം നൽകി.

## സിക്കിം – മണ്ണിടിച്ചിൽ

സിക്കിമിലെ നാംചിയിൽ ജലവൈദ്യുത പദ്ധതിയുടെ നിർമാണത്തിലിരുന്ന തുരങ്കം തകർന്നുണ്ടായ അപകടത്തിൽ കാണാതായ കോട്ടയം സ്വദേശി അനീഷ്

RNUTVPM

മോഹനായുള്ള തിരച്ചിൽ രണ്ടാം ദിവസവും തുടരുന്നു. നാഷനൽ ഹൈഡ്രോ പവർ കോർപറേഷൻ സിക്കിം യൂണിറ്റിലെ മാനേജരാണ് കാണാതായ അനീഷ്.

❁❁❁❁❁❁❁❁❁❁❁❁❁

## ഐഎൻഎസ് മാൽവൻ

ഇന്ത്യൻ നാവികസേനയ്ക്ക് കരുത്തായി മാഹി ക്ലാസിലെ രണ്ടാമത്തെ തീരദേശ അന്തർവാഹിനി വേധ യുദ്ധക്കപ്പൽ ഐഎൻഎസ് മാൽവൻ കമ്മീഷൻ ചെയ്തു. കർണാടകയിലെ കർവാറിൽ നടന്ന ചടങ്ങിൽ വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി. സിംഗ് മുഖ്യാതിഥിയായി. ആത്മനിർഭർ ഭാരത് ദൗത്യത്തിന് കീഴിൽ കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിച്ച മാൽവനിൽ 80 ശതമാനത്തിലധികം തദ്ദേശീയ ഉപകരണങ്ങളും സാങ്കേതികവിദ്യയുമാണ് ഉപയോഗിച്ചിരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-ാം പതിപ്പ് ഈ ഞായറാഴ്ച. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov

RNU TVPM

എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും വെള്ളിയാഴ്ച വരെ പങ്കുവയ്ക്കാം.

## സിപിഐഎം യോഗം

സിപി ഐ എം സംസ്ഥാന നേതൃയോഗങ്ങൾക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം പുരോഗമിക്കുകയാണ്. നാളെയും മറ്റന്നാളുമായി സംസ്ഥാന കമ്മിറ്റി യോഗവും ചേരും. നിയമസഭാ തെരഞ്ഞെടുപ്പ് പരാജയവുമായി ബന്ധപ്പെട്ട് കഴിഞ്ഞ കേന്ദ്രകമ്മിറ്റി യോഗത്തിലുണ്ടായ അഭിപ്രായങ്ങളും തീരുമാനങ്ങളും സംസ്ഥാന സമിതി യോഗത്തിൽ ചർച്ചയാകും.

## ശബരിമല

സഹസ്ര കലശാഭിഷേകത്തിൻ്റെ നിറവിൽ കർക്കടക മാസ പൂജ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട അടച്ചു. ഇതര സംസ്ഥാന ഭക്തരുടെ ഉൾപ്പെടെ വലിയ തിരക്കാണ് കർക്കടകമാസ പൂജയ്ക്ക് സന്നിധാനത്ത് അനുഭവപ്പെട്ടത്. നിറപുത്തരി പൂജയ്ക്കായി അടുത്ത മാസം രണ്ടിനു നട തുറക്കും.

RNU TVPM

## കണ്ണൂർ ആറളം-കാട്ടാനക്കൂട്ടം(ഇൻട്രോ)

കണ്ണൂർ ആറളം പഞ്ചായത്തിലെ ചതിരൂർ നീലായിലെ ജനവാസ മേഖലയിൽ കാട്ടാനക്കൂട്ടം ഇറങ്ങിയതിനെ തുടർന്ന് വൻ കൃഷിനാശം. വാഴ, കശുമാവ് കൃഷികൾക്കാണ് വലിയതോതിൽ നാശനഷ്ടം ഉണ്ടായത് .

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ....***

***(വോയിസ്)***

RNU TVPM

## കാസർകോട്-പരിക്കേറ്റു

കാസർകോഡ്, സ്കൂൾ കുട്ടികളുമായി പോകുകയായിരുന്ന ഓട്ടോറിക്ഷ നിയന്ത്രണം വിട്ടു മറിഞ്ഞു. ഏഴു വിദ്യാർത്ഥികൾക്കും ഡ്രൈവർക്കും പരിക്കേറ്റു. എം ജി റോഡിൽ ഫോർട്ട് റോഡ് ജംഗ്ഷനിൽ ഇന്ന് രാവിലെയായിരുന്നു അപകടം.

## ഹർ ഘർ തിരംഗ

രാജ്യവ്യാപകമായി നടക്കുന്ന 'ഹർ ഘർ തിരംഗ' പ്രചാരണത്തിൻ്റെയും 79-ാം സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെയും ഭാഗമായി, യുവജനകാര്യ വകുപ്പ്

'നാഷണൽ ഫ്ലാഗ് ഓഫ് ഇന്ത്യ ക്വിസ് 2026' ആരംഭിച്ചു. 'മൈ ഭാരത്' പോർട്ടലിലൂടെ ഓഗസ്റ്റ് 15 വരെയാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## കോമൺവെൽത്ത് ഗെയിംസ്

കോമൺവെൽത്ത് ഗെയിംസ് -2026 ന് നാളെ സ്കോട്ലണ്ടിലെ ഗ്ളാസ്ഗോയിൽ തുടക്കമാകും. അത്ലറ്റിക്സ്, ബോക്സിങ്,

ഭാരോ ദ്വഹനം എന്നിവയിലാണ് ഇന്ത്യയുടെ മെഡൽ പ്രതീക്ഷ. അടുത്ത മാസം 2 ന് ഗെയിംസ് സമാപിക്കും. കോമൺവെൽത്ത് ഗെയിംസിന് മുന്നോടിയായി കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ സ്കോട്ട്ലൻഡ് രാഷ്ട്രത്തലവൻ ജോൺ സ്വിന്നിയുമായി കൂടിക്കാഴ്ച് നടത്തി.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## ദേശീയ മാമ്പഴ ദിനം

ഇന്ന് ദേശീയ മാമ്പഴ ദിനം. പഴങ്ങളുടെ രാജാവ്" എന്നറിയപ്പെടുന്ന മാമ്പഴത്തിന് ഇന്ത്യയുടെ സാംസ്കാരിക, കാർഷിക, സാമ്പത്തിക മേഖലകളിൽ വലിയ പ്രാധാന്യമുണ്ട്. മാമ്പഴ കൃഷിയുടെ പ്രാധാന്യം, കർഷകർക്കും ഭക്ഷ്യ വ്യവസായത്തിനും ഉണ്ടാകുന്ന നേട്ടങ്ങൾ , മാമ്പഴത്തിന്റെ പോഷക ഗുണങ്ങൾ,

തുടങ്ങിയവയെക്കുറിച്ച് അവബോധം നൽകുന്നതിനാണ് ദിനാചരണം .

❋❋❋❋❋❋❋❋❋❋❋❋❋

**പിഐബി-ഫാക്ട്ചെക്ക്**

മുൻ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടേതെന്ന പേരിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് കേന്ദ്ര സർക്കാർ. ഡൽഹി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ സൈന്യത്തിലെ 20,000 മുസ്ലിം ജീവനക്കാർ രാജിവെച്ചതായി ജനറൽ ഉപേന്ദ്ര ദ്വിവേദി പ്രസ്താവിച്ചു എന്ന രീതിയിലാണ് വീഡിയോ പ്രചരിക്കുന്നത്. എന്നാൽ അദ്ദേഹം ഇത്തരമൊരു പ്രസ്താവന നടത്തിയിട്ടില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധന വിഭാഗം സ്ഥിരീകരിച്ചു.

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

**ഓഹരി+സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 675 പോയിന്റ് ഇടിഞ്ഞ് 76,793 ലും നിഫ്റ്റി 190 പോയിന്റ് നഷ്ടത്തിൽ 23,997 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില ഉയർന്നു. പവന് 1,680 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി ഏഴായിരത്തി 440 രൂപയും ഗ്രാമിന് പതിമൂവായിരത്തി 430 രൂപയുമാണ് ഇന്നത്തെ സ്വർണ്ണവില.

## സെൻസസ് 2027

ദേശീയ സെൻസസ് 2027ന്റെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം കേരളത്തിൽ പുരോഗമിക്കുന്നു. ആദ്യ ഘട്ടത്തിൽ ഭവനങ്ങളുടെയും കെട്ടിടങ്ങളുടെയും കണക്കെടുപ്പാണ് ആരംഭിച്ചത്. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും. ജൂലൈ 31 വരെയാണ് എന്യുമറേഷൻ .

RNU TVPM

## നാമനിർദ്ദേശം

സാഹസിക മേഖലയിലെ നേട്ടങ്ങൾക്കുള്ള രാജ്യത്തെ ഏറ്റവും വലിയ ബഹുമതിയായ 'ടെൻസിംഗ് നോർഗെ നാഷണൽ അഡ്വഞ്ചർ അവാർഡ് 2025'ന് കേന്ദ്ര കായിക-യുവജന കാര്യ മന്ത്രാലയം ഓൺലൈൻ വഴി നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻ്റെ നാഷണൽ അവാർഡ്സ് പോർട്ടൽ വഴി ഓഗസ്റ്റ് 20 വരെ നാമനിർദ്ദേശങ്ങൾ സമർപ്പിക്കാം. 15

ലക്ഷം രൂപയാണ് സമ്മാനത്തുക. സാഹസിക മേഖലയിലെ അസാധാരണ നേട്ടങ്ങളെ ആദരിക്കുന്നതിനും യുവജനങ്ങളിൽ സഹനശക്തി, ധൈര്യം, കൂട്ടായ്മ, നേതൃപാടവം എന്നിവ വളർത്തുന്നതിനുമായാണ് പുരസ്കാരം നൽകിവരുന്നത്.

RNU TVPM